## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1757 | 10.03.2020-ൽ മറുപടിയ്ക്ക് |
|---|---|

**സൈബർ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബുകളിലേക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ ആപ്ലിക്കേഷനുകൾ നടപ്പിലാക്കി, ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി, CCPWC പദ്ധതിയുടെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചു, അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്ക്കരിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്കരണത്തിനും നവീകരണത്തിനുമായി 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലായി ആകെ അനുവദിച്ച 214.12 കോടി രൂപ |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി.<br>ജയിലുകളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ച 32.965 കോടി രൂപ (മുപ്പത്തി രണ്ട് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഉപയോഗിച്ച് 2 ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 3 ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയുമാണ്. 2 സെൻട്രൽ ജയിലുകളിൽ പവർ ലോൺട്രികൾ സ്ഥാപിക്കുകയും കണ്ണൂർ സെൻട്രൽ ജയിലിൽ അതിനായുള്ള പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. 3 സെൻട്രൽ ജയിലുകളിൽ ശുദ്ധജല ലഭ്യതക്കായി RO/UV പ്ലാന്റുകൾ സ്ഥാപിച്ചു. 3 സെൻട്രൽ ജയിലുകളിലും മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനായുള്ള ബ്ലോക്കിന്റെ നിർമ്മാണത്തിനായി തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജയിലുകളെയും 372 കോടതികളെയും വീഡിയോ കോൺഫെറൻസിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് സെല്ലുകൾ, കൗൺസലിംഗ്, ക്ഷേമ പരിപാടികൾ, കമ്പ്യൂട്ടർ ക്ലാസുകൾ, സാക്ഷരതാ ക്ലാസുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.<br>ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഡിസ്റ്റിലറി ഡിവിഷൻ അനുവദിച്ചു. മൂന്നു ലബോറട്ടറികളും NABL അക്രെഡിറ്റേഷൻ നേടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. കൂടാതെ രാസപരിശോധനാ നടപടികൾ കാര്യക്ഷമമാക്കുന്നതിനു ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനു അനുമതി നൽകുകയും വകുപ്പിന് കീഴിലുള്ള ലബോറട്ടറികൾ ആധുനിക സുരക്ഷാ സംവിധാനത്തിന് കീഴിൽ |

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ലബോറട്ടറികളുടെ പ്രവർത്തനം സുഗമവും സുതാര്യവുമാക്കുന്നതിനു ആധുനിക സാങ്കേതിക മികവോടെ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം എന്ന പ്രവർത്തന സോഫ്റ്റ് വെയർ നവീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത കാലയളവിൽ പുതുതായി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതുതായി എവിടെയെല്ലാമാണ് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ